ഉത്തരം

(എ) നഗരസ്വഭാവം കൈവരിച്ചിട്ടുള്ള തിരുവനന്തപുരം നഗരസഭയോട് ചേർന്നുകിടക്കുന്ന അഞ്ച് ഗ്രാമപഞ്ചായത്തുകളെ നഗരസഭയിൽ ലയിപ്പിച്ച് നഗരസഭയുടെ വിസ്തൃതി വർദ്ധിപ്പിച്ചുകൊണ്ട് 1.10.2000 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളെ നഗരസഭയോട് കൂട്ടിചേർക്കുന്നതിന് നിലവിലുള്ള കേരള മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) ചോദ്യം ഉദിക്കുന്നില്ല.

141 (698) മാലിന്യസംസ്ക്കരണത്തിനുള്ള സംവിധാനം

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചപ്പുചവറുകൾ കുന്നുകൂടി കിടക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) മാലിന്യ സംസ്കരണത്തിന് ഇപ്പോൾ എന്തെങ്കിലും ആധുനിക സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) സംസ്ഥാനത്തെ മാലിന്യസംസ്കരണത്തിന് ഏതെങ്കിലും വിദേശ ഏജൻസികളുമായി ഗവൺമെന്റ് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കുന്നതിന് വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതും സ്ഥലം ഉള്ളിടത്ത് ചവറ് സംസ്കരിക്കുന്നതിനെതിരായി പരിസരവാസികളുടെ എതിർപ്പും കാരണം മാലിന്യസംസ്കരണം തൃപ്തികരമായി നടത്തുന്നതിന് പല നഗരസഭകളും ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുന്നുണ്ട്.

(ബി) ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി 1997-98 വർഷം മുതൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രശ്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകി ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 1997-98, 1998-99 എന്നീ വർഷങ്ങളായി 100 ലക്ഷം രൂപ നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. മാലിന്യത്തിൽനിന്ന് ജൈവവളം ഉല്പാദിപ്പിച്ച് ശാസ്ത്രീയമായ മാലിന്യസംസ്കരണം നടത്തുവാൻ വലിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട് എന്നീ നഗരസഭകൾ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ചെറുകിടപ്ലാന്റുകൾ സ്ഥാപിക്കുവാൻ ഗുരുവായൂർ, വടകര, കൂത്തുപ്പറമ്പ്, തളിപ്പറമ്പ്, ചാവക്കാട്, മടവൂർ എന്നീ നഗരസഭകളും നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഖരമാലിന്യങ്ങളിൽനിന്നും പുനരുപയോഗത്തിനുള്ളതും ജീർണ്ണിക്കാത്തതുമായ വസ്തുക്കൾ വേർതിരിച്ചശേഷം ബാക്കിയുള്ളവ ജൈവവളമായി മാറ്റുന്നതിനുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് ചപ്പുചവറുകൾ സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകൾ വിവിധ നഗര സഭകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടി സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഒരു പ്ലാന്റ് കോഴിക്കോട് നഗരസഭയിൽ സ്ഥാപിച്ചുവരുന്നു. ഇത്തരത്തിലുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് തിരുവനന്തപുരം നഗരസഭയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

142 (699) പാർവതി പുത്തനാറിന്റെ ശുചീകരണ പ്രവർത്തനങ്ങൾ

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവതിപുത്തനാറിന്റെ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രധാനമന്ത്രി ഈ പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം നിർവഹിക്കുമ്പോൾ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ചു കഴിഞ്ഞിരുന്നോ; എസ്റ്റിമേറ്റ് തുക എത്രയായിരുന്നു;

(സി) ഈ പദ്ധതിയ്ക്കുള്ള ഫണ്ട് ഏത് വിധത്തിൽ ലഭ്യമാക്കി എന്ന് വിശദമാക്കുമോ;

(ഡി) ഈ വർഷം എത്ര രൂപ ഈ പദ്ധതിയ്ക്കായി നീക്കിവച്ചു; അതിൽ എന്തു തുക ചെലവാക്കി;

(ഇ) പാർവതിപുത്തനാർ ശുചീകരിച്ച് അതിലൂടെ വാട്ടർ ട്രെയിൻ ഓടിക്കുന്നതിനുള്ള ഒരു പ്രോജക്ട് നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ഉത്തരം

(എ) ഇല്ല.

(ബി) തിരുവനന്തപുരം നഗരസഭ പദ്ധതിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിരിക്കുന്നു. എസ്റ്റിമേറ്റ് തുക 31,85,000 രൂപയായിരുന്നു.

(സി) ഈ പദ്ധതിയ്ക്കുള്ള ഫണ്ട് 1998-99 ലെ ജനകീയാസൂത്രണ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(ഡി) ഈ വർഷം തിരുവനന്തപുരം നഗരസഭ പദ്ധതി വിഹിതത്തിൽ 39 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്; അതിൽ 58175 രൂപ ചെലവാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്. പാർവതിപുത്തനാർ ശുചിയാക്കി ആക്കുളം മുതൽ വള്ളക്കടവുവരെയുള്ള ഭാഗത്ത് വാട്ടർട്രെയിലർ ഏർപ്പെടുത്താനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്. ഇതിന്റെ വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly